LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്

24 (3730) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

വകുപ്പിന്റെ ലാപ്ടോപ് ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ബിരുദ/ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് 1-ാം വർഷം പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതു പ്രകാരം 2020-21 സാമ്പത്തിക വർഷം വകയിരുത്തിയ 5,40,75,000 രൂപയിൽ 1371 വിദ്യാർത്ഥികൾക്കായി 3,42,90,874 രൂപ ചെലവഴിച്ചു. കൂടാതെ 2020-21 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിക്കായി 14 കോടി 60 ലക്ഷം രൂപ 14 ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടത്തിൽ ഡിഗ്രി, പ്ലസ് ടു കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് വാങ്ങി നൽകുന്നതിനും, ബിരുദം, ബിരുദാനന്തരബിരുദം മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠന സൗകര്യം

25 (3731) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാകാത്തതുമൂലവും ടവറുകളുടെ അഭാവത്തിൽ കേബിൾ നെറ്റ്വർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമല്ലാത്തതുമൂലവും വിദ്യാർത്ഥികളുടെ ഡിജിറ്റൽ പഠനത്തിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ഉറപ്പാക്കാനായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എത്ര സമയത്തിനുള്ളിൽ ഉറപ്പുവരുത്തുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഡിജിറ്റൽ കണക്ടിവിറ്റി തീരെ കുറഞ്ഞതും ഭാഗികമായി മാത്രം ലഭ്യമായതുമായ കോളനികളുടെ വിവരങ്ങൾ ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ടെലികോം, ഇന്റർനെറ്റ് സേവന ദാതാക്കളുമായി ബന്ധപ്പെട്ട് സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളുടെ പട്ടിക കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ കോളനികളിൽ സൗരോർജ്ജം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള പൊതു വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വിദ്യാർത്ഥികളിൽ നിലവിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര പേരുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ആദിവാസി മേഖലയിലുള്ള വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43952 വിദ്യാർത്ഥികളുണ്ട്.

പട്ടികജാതി പട്ടികഗോത്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

26 (3732) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ?